ഗവ.എൽ.പി.എസ്. ഊരൂട്ടമ്പലം



# ആരവം





# എൽ.പി.തലം

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

## ഗവ.എൽ.പി.എസ്. ഊരൂട്ടമ്പലം

# ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഗവ.എൽ.പി.എസ്. ഊരൂട്ടമ്പലം പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

**പി.ടി.എ പ്രസിഡന്റ്** | **ഹെഡ്മിസ്ട്രസ്**

**എം.പി.ടി.എ. പ്രസിഡന്റ്**

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്ക്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./ കോർണർ പി.ടി.എ.കൾ എന്നിവ ചേരും.
8. ഒന്നാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ.
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ഒരു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# മലയാളം/പഠനപിന്നാക്കാവസ്ഥ

**പ്രവർത്തനം** : 1
**പേര്** : പുസ്തകം എന്റെ ചങ്ങാതി
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ക്ലാസ്സ് ടീച്ചർ | 1000 |

**പ്രവർത്തനം** : 2
**പേര്** : എന്റെ പിറന്നാൾ പുസ്തകം
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

**പ്രവർത്തനം** : 3
**പേര്** : ഉച്ചഭാഷിണി വായന
**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ , ജൂലൈ | | 3000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്.ആർ.ജി. | 4000 |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിതക്ലാസ് പി.ടി.എ.

ഉപമേഖല : സി.പി.ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : I T ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : **കായികാരോഗ്യം**
ഉപമേഖല : **എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM SRG PTA | 10,000 |

പ്രവർത്തനം : 2
പേര് : **ഹെൽത്ത് ചെക്ക് അപ്പ്**
ഉപമേഖല : **ആര്വോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആര്വോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | - 3,000 |

പ്രവർത്തനം : 3
പേര് : **കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല**
ഉപമേഖല : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - ആര്വോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾത്തന്നെ ദൂരെ വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിലെ പൈതൃകവും മാതൃത്വവും കാത്തു സൂക്ഷിക്കുന്നതിന് കൂടുതൽ സമ്പുഷ്ടമാകുന്നതിനും ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.